ARCHEPARCHY OF CHANGANACHERRY

DEPARTMENT OF PUBLIC RELATIONS
PB No. 20 Changanacherry-686101, Kottayam, Kerala, India
E-mail: prochyad@gmail.com
website: www.archdiocesechanganacherry.org

Adv. JOJI CHIRAYIL
Public Relations Officer
Ph: 9447659020
advchirayil@gmail.com

Fr. JAMES KOKKAVAYALIL
Director Jagrathasamithy
Ph: 6238214912
jameskock@gmail.com

31/10/2024

**ചങ്ങനാശേരി അതിരൂപതയിൽ പുതിയതായി രൂപീകരിച്ച കൂരിയായായിലെ അംഗങ്ങൾ**

**പ്രോട്ടോ സിഞ്ചെല്ലൂസ് (മുഖ്യ വികാരി ജനറാൾ) വെരി റവ. ഫാ. ആന്റണി എത്തക്കാട്**

കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവക ഏത്തക്കാട് ആന്റണി - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1966 മെയ് 07 ന് ജനിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി, പൂനെ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി. 1991 ഡിസംബർ 30ന് മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈയ്‌വയ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നും എംടിഎച്ചും റോമിൽനിന്നും സോഷ്യൽ കമ്യൂണിക്കേഷനിലും മിസിയോളജിയിലും ലൈസൻഷിയേറ്റും നേടി. കുടമാളൂർ, കോട്ടയം ലൂർദ് പള്ളികളിൽ അസി.വികാരി, വടക്കേ അമിച്ചകരി, ചെങ്ങന്നൂർ പള്ളികളിൽ വികാരി, യുവദീപ്തി, കുടുംബ കൂട്ടായ്മ, പ്രീസ്റ്റ് ഹോം, സന്ദേശ് കമ്യൂണിക്കേഷൻ, കുരിശുംമൂട് മീഡിയാ വില്ലേജ് എന്നിവയുടെ ഡയറക്ടർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. തൃക്കൊടിത്താനം ഫൊറോനാ വികാരിയായി സേവനം നിർവഹിച്ചുവരവേയാണ് പുതിയ നിയമനം.

**സിഞ്ചെല്ലൂസ് (വികാരി ജനറാൾ) വെരി റവ. ഡോ. മാത്യു ചങ്ങങ്കരി**

വെരൂർ സെന്റ് ജോസഫ് ഇടവക ചങ്ങങ്കരി ജോസഫ് - അന്നമ്മ മകനായി 1965 സെപ്തംബർ 25 ന് ജനിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കി 1992 ഡിസംബർ 30 ന് മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈയ്‌വയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. ബംഗളൂരു, കാനഡ എന്നിവിടങ്ങളിൽ കാനൻ ലോയിൽ ഉപരിപഠനം നടത്തി. ജെസിഡി. പിഎച്ച്ഡി എന്നീ ഡോക്ടറേറ്റ് ബിരുദങ്ങൾ കരസ്ഥമാക്കി. പാറേൽ, ആലപ്പുഴ, കോട്ടയം ലൂർദ് പള്ളികളിൽ അസി. വികാരി, അടൂർ, നെടുമൺ, എഴുമറ്റൂർ പള്ളികളിൽ വികാരി, മെട്രോപോലീത്തൻ ട്രൈബുണൽ ജഡ്ജ്, മാങ്ങാനം എംഒസി ബർസാർ, അതിരൂപതാ പ്രൊക്യുറേറ്റർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. അതിരൂപതാ ജുഡീഷ്യൽ വികാർ, മേജർ ആർക്കിഎപ്പിസ്കോപ്പൽ ട്രൈബൂണൽ ജഡ്ജ് എന്നീ സേവനങ്ങൾ നിർവഹിച്ചുവരവേയാണ് പുതിയ നിയമനം

**സിഞ്ചെല്ലൂസ് (വികാരി ജനറാൾ) വെരി റവ. ഡോ. ജോൺ തെക്കേക്കര**

ഇത്തിത്താനം സെന്റ് മേരീസ് ഇടവക വർഗീസ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1970 ഡിസംബർ 17ന് ജനിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം. പൂർത്തിയാക്കി 1997 ഏപ്രിൽ 08 ന് മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈയ്‌വയ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. മംഗലാപുരം, മുബൈ എന്നിവിടങ്ങളിൽ ഉപരിപഠനം പൂർത്തിയാക്കി. എംഫിൽ, എംഎച്ച്എ, എംഎച്ച്ആർഎം, പിഎച്ച്ഡി എന്നീ ബിരുദങ്ങൾ നേടിയിട്ടുണ്ട്. വെരൂർ, പച്ച ചെക്കടിക്കാട്, അയർക്കുന്നം, പാറേൽ പള്ളികളിൽ അസി. വികാരി, യുവദീപ്തി ഡയറക്ടർ, വാഴപ്പള്ളി വെസ്റ്റ്, മുണ്ടുപാലം പള്ളികളിൽ വികാരി, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ അസി. ഡയറക്ടർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. ബംഗളൂരു സെന്റ് ജോൺസ് മെഡിക്കൽ കോളേജ് അസോസിയേറ്റ് ഡയറക്ടറായി സേവനം നിർവഹിച്ചുവരവേയാണ് പുതിയ നിയമനം.

**ചാൻസലർ വെരി റവ.ഡോ. ജോർജ് പുതുമനമൂഴിയിൽ**

പുന്നത്തുറ സെന്റ് തോമസ് ഇടവക അഗസ്റ്റിൻ - ഏലിയാമ്മ ദമ്പതികളുടെ മകനായി 1978 ആഗസ്റ്റ് 08ന് ജനിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, ഉജെയിൻ റൂഹാലയ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 2006 ഏപ്രിൽ 20ന് മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കൈയ്‌വയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. ബംഗളൂരു, റോം എന്നിവിടങ്ങളിൽ ഉപരിപഠനം പൂർത്തിയാക്കി, എംഎയും കാനാൻ ലോയിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. പുളിങ്കുന്ന്, തുരുത്തി പള്ളികളിൽ അസി.വികാരി, കാവാലം, പുതുക്കരി, വെട്ടിത്തുരുത്ത്, ഇരവുചിറ, മഹേന്ദ്രപുരം പള്ളികളിൽ വികാരി, മെട്രോപോലീത്തൻ ട്രൈബൂണൽ ജഡ്ജ് എന്നീനിലകളിൽ ശുശ്രൂഷചെയ്തിട്ടുണ്ട്. അതിരൂപതാ വൈസ് ചാൻസലർ വിരുപ്പാല സെന്റ്ജൂഡ് പള്ളിവികാരി എന്നീസേവനങ്ങൾ നിർവഹിച്ചുവരവേയാണ് പുതിയ നിയമനം.

ARCHEPARCHY OF CHANGANACHERRY

Adv. JOJI CHIRAYIL
Public Relations Officer
Ph: 9447659020
advchirayil@gmail.com

DEPARTMENT OF PUBLIC RELATIONS
PB No. 20 Changanacherry-686101, Kottayam, Kerala, India
E-mail: prochyad@gmail.com
website: www.archdiocesechanganacherry.org

Fr. JAMES KOKKAVAYALIL
Director Jagrathasamithy
Ph: 6238214912
jameskock@gmail.com

**അസോസിയേറ്റ് പ്രൊകുറേറ്റർ വെരി റവ. ഫാ. ആന്റണി മാളേക്കൽ**

പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ഇടവക മാളേക്കൽ തോമസ് - ഏലിക്കുട്ടി മകനായി 1971 സെപ്തംബർ 09ന് ജനിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, സത്നാ സെന്റ് എഫ്രേംസ് സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി. 1998 മെയ് 28ന് മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈയ്വയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. എടത്വാ ഫൊറോനാ അസി.വികാരി, കോയിൽമുക്ക്, പള്ളാത്തുരുത്തി, തോട്ടുവാത്തല, വെളിയനാട് കേസറിയ, വെളിയനാട് സെന്റ് ജോസഫ്, വേഴപ്ര, ഫാത്തിമാപുരം, പച്ച -ചെക്കിടിക്കാട് പള്ളികളിൽ വികാരി, കെവിഎസ് അസി.ഡയറക്ടർ, ഇൻഫാം ഡയറക്ടർ എന്നീ നിലകളിൽ ശുശ്രൂഷചെയ്തു. വെരൂർ സെന്റ് ജോസഫ് പള്ളിവികാരിയായി സേവനം നിർവഹിച്ചു വരവേയാണ് പുതിയ നിയമനം.

നിലവിലുള്ള വികാരി ജനറാൾ **വെരി. റവ. ഡോ. വർഗീസ് താനമാവുങ്കൽ**, പ്രൊകുറേറ്റർ **വെരി. റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ** എന്നിവർ തുടരും.

ചങ്ങനാശേരി അതിരൂപതാ പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതിക്കുവേണ്ടി

അഡ്വ. ജോജി ചിറയിൽ
പി ആർ ഒ

ഫാ. ജയിംസ് കൊക്കാവയലിൽ
ഡയറക്ടർ